നമ്പർ 393/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

സാമൂഹ്യ, ആരോഗ്യ, വിദ്യാഭ്യാസമേഖലകളിൽ മലങ്കര ഓർത്തഡോക്സ് സഭ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എങ്കിലും പല സാമൂഹ്യ പ്രശ്നങ്ങളിലും ഇന്നും നാം പുറകിലാണെന്ന സത്യം വിസ്മരിച്ചുകൂടാ. ഉപഭോഗ സംസ്കാരത്തിന്റെ സങ്കീർണ്ണതയിൽപ്പെട്ട് താളം തെറ്റിയ മനുഷ്യൻ ഇന്ന് മഹാവിപത്തുകളിൽ പതിച്ചിരിക്കുന്നു. HIV/AIDS വിപത്തുകൾക്കെതിരേ പ. സഭ ഉണർന്ന് പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി നാം കരുതുന്നു. ഡിസംബർ ഒന്ന് ലോക എയ്ഡ്സ് ദിനമായി ആഗോളരാഷ്ട്രങ്ങൾ ആചരിക്കുകയാണ്. ആകയാൽ ഡിസംബർ ആദ്യ ഞായർ പ. സഭയുടെ ആഭിമുഖ്യത്തിൽ എയ്ഡ്സ് ദിനമായി ആചരിക്കുവാൻ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിച്ചിട്ടുള്ള വിവരം നാം അറിയിക്കുന്നു. ഈ വർഷം ഡിസംബർ 7 -ാം തീയതി ഞായറാഴ്ച നമ്മുടെ സഭയിൽ ഇദംപ്രഥമമായി ഈ ദിനം ആചരിക്കുവാൻ നാം ആഹ്വാനം ചെയ്യുന്നു. അന്നേദിവസം പള്ളികളിൽ ഈ വിപത്തിനെതിരേ പ്രാർത്ഥനകളും, ബോധവൽക്കരണ യോഗങ്ങളും സംഘടിപ്പിക്കുകയും എയ്ഡ്സ് രോഗികളെ മാനസികമായും, ആത്മീകമായും, സാമ്പത്തികമായും സഹായിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

ജനകീയ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി HIV/AIDS ന്റെ വ്യാപനം ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വ്യക്തി ജീവിതത്തിലും, സാമൂഹിക ജീവിതത്തിലും ആത്മീയതയ്ക്ക് മങ്ങലേറ്റിരിക്കുന്ന ഈ കാലഘട്ടത്തിൽ ജനക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളായി ഇതിനു നിവാരണം കണ്ടെത്തേണ്ടത് ക്രൈസ്തവ ധർമ്മമാണ്. HIV/AIDS ന്റെ ഭവിഷ്യത്തുകളെക്കുറിച്ച് ബോധവത്കരണം നടത്തുന്നതോടൊപ്പം അതിനെ നേരിടാൻ കഴിയുന്ന വിധത്തിലുള്ള ഒരു ജീവിതരീതി ചിട്ടപ്പെടുത്തുവാൻ വ്യക്തികളെ പ്രേരിപ്പിക്കുകയും ചെയ്യണം.

സഭാ തലത്തിൽ ഈ പ്രവർത്തനങ്ങളുടെ മുഖ്യ ചുമതലക്കാരനായി നമ്മുടെ നിരണം മെത്രാസനത്തിന്റെ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായെ നാം നിയോഗിച്ചിട്ടുണ്ട്. തെക്കേമൂലയ്ക്കൽ വർഗീസ് ജോർജ്ജ് (കോ - ഓർഡിനേറ്റർ), ഓണാട്ട് പ്രൊഫ. ജേക്കബ് കുര്യൻ (കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ HIV/AIDS Cell, Malankara Orthodox Church, Bethany Aramana, Thiruvalla എന്ന വിലാസത്തിൽ കേന്ദ്ര ഓഫീസ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ ദിനാചരണം സംബന്ധിച്ച് കേന്ദ്ര ഓഫീസിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കണം.

(മറുപുറം)

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.

2008 നവംബർ മാസം 20 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.